LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം

117(5276) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിലവിൽ വന്ന മഞ്ചേശ്വരം താലൂക്കിൽ വ്യവസായ കേന്ദ്രം ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അവിടെ വ്യവസായ കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ; ഈ വർഷംതന്നെ താലൂക്ക് വ്യവസായ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മഞ്ചേശ്വരം ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ഉത്തരവാദിത്ത വ്യവസായം

118(5277) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത വ്യവസായം സംസ്ഥാന പുരോഗതിക്കായി എപ്രകാരം ഉപയോഗപ്രദമാക്കാമെന്നും അതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്നും എത്ര പേർ അപേക്ഷകരായി എത്തിയെന്നും അറിയിക്കാമോ; ആയത് സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(എ&ബി) പരിസ്ഥിതിക്കനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥക്ക് അനുയോജ്യമാണെന്നുള്ള വിലയിരുത്തലാണ് സർക്കാരിനുള്ളത്. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, മെഡിക്കൽ ഡിവൈസസ്, കൺസ്യൂമബിൾസ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം പരിസ്ഥിതിക്കനുയോജ്യമായിട്ടുള്ള ഉത്തരവാദിത്ത വ്യവസായങ്ങളാണെന്ന് വിലയിരുത്തിയിട്ടുണ്ട്. വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും